ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.03.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ആരോഗ്യകരമായ സമൂഹം സൃഷ്ടിക്കുന്നതിൽ ഡോക്ടർമാർക്കും ഗവേഷകർക്കും വലിയ പങ്ക് വഹിക്കാനുണ്ടെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.

   **President Draupadi Murmu says doctors and researchers have a big role to play in creating a healthy society.**

2. ഇന്ത്യൻ സംസ്കാരവും മൂല്യങ്ങളുമായുള്ള മൗറീഷ്യസിലെ ഇന്ത്യൻ സമൂഹത്തിൻറെ ബന്ധം പ്രചോദനം നൽകുന്നതാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി

   **Prime Minister Narendra Modi says the Indian community in Mauritius' connection with Indian culture and values are inspiring.**

3. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ രാജ്യത്തെ എല്ലാ ജില്ലകളിലും കേന്ദ്ര സർക്കാർ ഡേ കെയർ കാൻസർ സെൻററുകൾ തുറക്കും

   **The central government will open day care cancer centers in all districts of the country in the next three years.**

4. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്വന്തം പ്രദേശത്തുതന്നെ തൊഴിലവസരങ്ങൾ സാധ്യമാക്കുമെന്ന് കേന്ദ്രമന്ത്രി അമിത് ഷാ

   **Union Home Minister Amit Shah says that students from northeastern states will be provided with job opportunities in their own areas.**

5. വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതർക്കുള്ള ടൗൺഷിപ്പിൻറെ തറക്കല്ലിടൽ ഈ മാസം 27 ന് നടക്കുമെന്ന് മന്ത്രി കെ.രാജൻ നിയമസഭയിൽ.

   **Minister K. Rajan says that the foundation stone of the township for the victims of the Wayanad landslide disaster will be laid on the 27th of this month.**

6. **ISL ൽ ഇന്ന് ബെംഗളൂരു- മുംബൈ സിറ്റി മത്സരം. വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സിനെതിരെ മുംബൈ ഇന്ത്യൻസ് ഫീൽഡിംഗ് തെരഞ്ഞെടുത്തു..**

   **Bengaluru-Mumbai City match in the ISL today. Mumbai Indians elected to field against Royal Challengers Bangalore in Women's Premier League cricket.**

☼☼☼☼☼☼☼☼☼☼☼☼

## EVE. PM-INDIANS MAURITIUS

മൗറീഷ്യസിലെ ഇന്ത്യൻ സമൂഹം നൽകിയ സ്വീകരണത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി നന്ദി രേഖപ്പെടുത്തി. ഇന്ത്യൻ പൈതൃകം, സംസ്കാരം, മൂല്യങ്ങൾ എന്നിവയുമായുള്ള മൗറീഷ്യസിലെ ഇന്ത്യൻ സമൂഹത്തിൻറെ ശക്തമായ ബന്ധം പ്രചോദനം നൽകുന്നതാണെന്ന് സമൂഹമാധ്യമ പോസ്റ്റിൽ പ്രധാനമന്ത്രി വ്യക്തമാക്കി. സ്വീകരണ ചടങ്ങിൽ ഗീത്-ഗവായ് അവതരിപ്പിച്ച ഇന്ത്യൻ പ്രവാസികളെയും പ്രധാനമന്ത്രി പ്രശംസിച്ചു. അതേസമയം, മൗറീഷ്യസ് സന്ദർശനം തുടരുന്ന പ്രധാനമന്ത്രി, മൗറീഷ്യസ് പ്രസിഡന്റ് ധരംബീർ ഗോഖുലുമായി കൂടിക്കാഴ്ച നടത്തി. മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലവുമായി കൂടിക്കാഴ്ച നടത്തുന്ന ശ്രീ മോദി നാളെ നടക്കുന്ന മൗറീഷ്യസ് ദേശീയ ദിനാഘോഷങ്ങളിൽ വിശിഷ്ടാതിഥിയായി പങ്കെടുക്കും.

☼☼☼☼☼☼☼☼☼☼☼☼

## PRESIDENT-AIIMS PUNJAB (INTRO)

ആരോഗ്യകരമായ സമൂഹം സൃഷ്ടിക്കുന്നതിൽ ഡോക്ടർമാർക്കും ഗവേഷകർക്കും വലിയ പങ്ക് വഹിക്കാനുണ്ടെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ആരോഗ്യകരമായ ജീവിതശൈലിയും മികച്ച കൃഷിരീതിയും അവലംബിക്കുന്നതിന് കാർഷിക-പരിസ്ഥിതി വിദഗ്ധരുമായി കൂടിയാലോചിച്ച് ഗവേഷണം നടത്താൻ എയിംസ് ഡോക്ടർമാരോട് രാഷ്ട്രപതി ആഹ്വാനം ചെയ്തു. പഞ്ചാബിലെ ബതിൻഡയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൻറെ ആദ്യ കോൺവൊക്കേഷനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ലഹരി ഉപയോഗം മൂലമുണ്ടാകുന്ന ശാരീരികവും മാനസികവുമായ ദോഷങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കണമെന്നും രാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ് വോയ്സ്)

ചടങ്ങിൽ പുതുതായി ബിരുദം നേടിയ ഡോക്ടർമാർക്കുള്ള മെഡലുകളും ബിരുദങ്ങളും രാഷ്ട്രപതി സമ്മാനിച്ചു.

## HM- NORTH EAST

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ വിദ്യാർത്ഥികൾ തങ്ങളുടെ പ്രദേശം വിട്ട് ജോലിക്ക് പോകേണ്ട ആവശ്യം ഇനി വരില്ലെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. തൊഴിലവസരങ്ങൾ അവരുടെ പ്രദേശത്തുതന്നെ ലഭിക്കാൻ വഴിയൊരുക്കുമെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ സ്റ്റുഡൻറ്സ് എക്സ്പീരിയൻസ് ഇൻ ഇൻറർ സ്റ്റേറ്റ് ലിവിംഗ് സംഘടിപ്പിച്ച യൂത്ത് പാർലമെൻറിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്യവെയാണ് ശ്രീ ഷാ ഇക്കാര്യം പറഞ്ഞത്. 2027 ആകുമ്പോഴേക്കും വടക്കുകിഴക്കൻ മേഖലയിലെ എല്ലാ സംസ്ഥാനങ്ങളുടെയും തലസ്ഥാനങ്ങൾ ട്രെയിൻ, വ്യോമ, റോഡ് മാർഗം ബന്ധിപ്പിക്കുമെന്ന് കേന്ദ്രമന്ത്രി വ്യക്തമാക്കി.

## ARMENIAN FM- JAISHANKAR

ഇന്ത്യ സന്ദർശിക്കുന്ന അർമേനിയൻ പ്രതിനിധി സംഘത്തിന് നൽകിയ സ്വീകരണത്തിൽ വിദേശകാര്യ മന്ത്രി എസ്. ജയശങ്കറിനോട് നന്ദി അറിയിച്ച് അർമേനിയൻ വിദേശകാര്യ മന്ത്രി അരാരത്ത് മിർസോയൻ. സമൂഹ മാധ്യമ പോസ്റ്റിലൂടെയാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. ചർച്ചകൾ ഏറെ ക്രിയാത്മകമായിരുന്നുവെന്ന് ഉഭയകക്ഷി ബന്ധങ്ങളിലെ പുരോഗതിയെ ഉയർത്തിക്കാട്ടി മിർസോയൻ അറിയിച്ചു. പ്രാദേശികവും അന്തർദേശീയവുമായ സംഭവവികാസങ്ങളെക്കുറിച്ചുള്ള ചർച്ചകൾ തുടരാൻ അർമേനിയൻ വിദേശകാര്യ മന്ത്രി താൽപര്യം പ്രകടിപ്പിച്ചു.

## LS - BSF

അതിർത്തി കടന്നുള്ള കള്ളക്കടത്ത് തടയുന്നതിനായി ഇന്ത്യ-ബംഗ്ലാദേശ് അതിർത്തിയിൽ ബിഎസ്എഫ് നിരീക്ഷണം ശക്തമെന്ന് കേന്ദ്രസർക്കാർ. കഴിഞ്ഞ പത്ത് വർഷത്തിനിടെ രണ്ടായിരത്തി 806 കോടി രൂപയുടെ കള്ളക്കടത്ത് വസ്തുക്കൾ അതിർത്തി സുരക്ഷാ സേന പിടിച്ചെടുത്തിട്ടുണ്ടെന്ന് കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് ലോക്സഭയിൽ പറഞ്ഞു.

കള്ളക്കടത്ത് പ്രവർത്തനങ്ങൾ തടയുന്നതിന് ബിഎസ്എഫ് ബഹുമുഖ സമീപനമാണ് സ്വീകരിച്ചിട്ടുള്ളതെന്നും അദ്ദേഹം വ്യക്തമാക്കി.

✡✡✡✡✡✡✡✡✡✡✡✡

# EMIGRATION

ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ, 2025 ലോക്സഭയിൽ അവതരിപ്പിച്ചു. ഇമിഗ്രേഷൻ നിയമങ്ങൾ നവീകരിക്കുക ലക്ഷ്യമിട്ടുള്ള ബില്ലിൽ പാസ്പോർട്ടുകൾ, യാത്രാ രേഖകൾ, വിസ, രജിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് ചില അധികാരങ്ങൾ നൽകുന്നതിനുള്ള വ്യവസ്ഥകളും ഉൾപ്പെടുന്നു. നിലവിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനാണ് നിയമനിർമ്മാണം ലക്ഷ്യമിടുന്നതെന്ന് ബിൽ അവതരിപ്പിച്ച ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡

# RS-LED BULB

ഉജാല പദ്ധതി പ്രകാരം രാജ്യത്തുടനീളം ഇതുവരെ ഏകദേശം 37 കോടി എൽഇഡി ബൾബുകൾ വിതരണം ചെയ്തതായി കേന്ദ്ര വൈദ്യുതി മന്ത്രി മനോഹർ ലാൽ. പദ്ധതിയിലൂടെ പ്രതിവർഷം 48 ബില്യൺ കിലോവാട്ട് വൈദ്യുതി ലാഭിച്ചതായി അദ്ദേഹം രാജ്യസഭയിൽ പറഞ്ഞു. എൽഇഡികൾ വളരെ സുരക്ഷിതമായി നിർമാർജ്ജനം ചെയ്യാമെന്നതിനാൽ പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതായും ശ്രീ മനോഹർ ലാൽ വ്യക്തമാക്കി.

✡✡✡✡✡✡✡✡✡✡✡✡

# ASSEMBLY

വയനാട് പുനരധിവാസം സംബന്ധിച്ച ഉപക്ഷേപത്തിന് അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് കേരള നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. ഉരുൾപൊട്ടൽ ദുരന്തം ഉണ്ടായി എട്ടു മാസം ആകാറായിട്ടും ദുരിത ബാധിതരുടെ അന്തിമ പട്ടിക പ്രസിദ്ധീകരിച്ചില്ലെന്ന് ചൂണ്ടിക്കാട്ടി പ്രതിപക്ഷത്ത് നിന്ന് ടി സിദ്ധിക്ക് ആണ് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. പുനരധിവാസത്തിൽ സർക്കാർ ആദ്യം കാണിച്ച ആവേശം ഇപ്പോഴില്ലെന്നും പ്രതിപക്ഷം ആരോപിച്ചു. അതേസമയം വയനാട് പുനരധിവാസ പ്രവർത്തനങ്ങളിൽ കാലതാമസം ഉണ്ടായിട്ടില്ലെന്ന് റവന്യു മന്ത്രി കെ രാജൻ മറുപടി നൽകി. ദുരന്ത ബാധിതർക്കുള്ള ടൗൺ ഷിപ്പിൻറെ തറക്കല്ലിടൽ ഈ മാസം 27 ന്

നടക്കുമെന്നും മന്ത്രി അറിയിച്ചു. 2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചകളും ഇന്ന് നടന്നു.

☼☼☼☼☼☼☼☼☼☼☼☼

## RS-CANCER (INTRO)

അടുത്ത മൂന്ന് വർഷത്തിനുള്ളിൽ രാജ്യത്തെ എല്ലാ ജില്ലകളിലും കേന്ദ്ര സർക്കാർ ഡേ കെയർ കാൻസർ സെൻററുകൾ തുറക്കും. ഇന്ന് രാജ്യസഭയിൽ ഒരു ചോദ്യത്തിന് മറുപടി നൽകിക്കൊണ്ട് കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നദ്ദയാണ് ഇക്കാര്യം അറിയിച്ചത്. 2025-26 ൽ ഇരുനൂറ് ഡേ കെയർ കാൻസർ സെന്ററുകൾ തുറക്കും. ആയുഷ്മാൻ ഭാരത്-പിഎം ജൻ ആരോഗ്യ യോജന നടപ്പിലാക്കുന്നതോടെ, സ്ക്രീനിംഗ് കഴിഞ്ഞ് 30 ദിവസത്തിനുള്ളിൽ കാൻസർ രോഗികൾക്ക് ചികിത്സ ആരംഭിക്കുമെന്ന് ഒരു സമീപകാല റിപ്പോർട്ട് ഉദ്ധരിച്ച് ശ്രീ നദ്ദ പറഞ്ഞു.

(ഹോൾഡ് വോയ്സ്)

ആശാ പ്രവർത്തകർക്കുള്ള ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം കേന്ദ്ര സർക്കാർ പരിഗണിക്കുന്നതായും കേന്ദ്ര ആരോഗ്യമന്ത്രി വ്യക്തമാക്കി.

☼☼☼☼☼☼☼☼☼☼☼☼

## WPL

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെതിരെ ടോസ് നേടിയ മുംബൈ ഇന്ത്യൻസ് ഫീൽഡിംഗ് തെരഞ്ഞെടുത്തു. മുംബൈ ബാർബോൺ സ്റ്റേഡിയത്തിലാണ് മത്സരം.

☼☼☼☼☼☼☼☼☼☼☼☼

## ISL

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ ബെംഗളൂരു എഫ്സി, മുംബൈ സിറ്റി മത്സരം ആരംഭിച്ചു. ബെംഗളൂരുവിലെ ശ്രീ കണ്ഠീരവ സ്റ്റേഡിയത്തിലാണ് മത്സരം.

☼☼☼☼☼☼☼☼☼☼☼☼

## PAK-TRAIN HIJACK

പാകിസ്ഥാനിലെ ബലൂചിസ്ഥാനിൽ ഇന്ന് സായുധ തീവ്രവാദികൾ 450 ലധികം യാത്രക്കാർ സഞ്ചരിച്ചിരുന്ന ട്രെയിൻ റാഞ്ചി. ക്വറ്റയിൽ നിന്ന് പെഷവാറിലേക്ക് പോവുകയായിരുന്ന ജാഫർ എക്സ്പ്രസാണ് റാഞ്ചിയത്. ആക്രമണത്തിൽ ആറ് സൈനികർ കൊല്ലപ്പെടുകയും യാത്രക്കാരെ ബന്ദികളാക്കുകയും ചെയ്തു. ട്രെയിൻ ആക്രമണത്തിനിടെ സുരക്ഷാ ഉദ്യോഗസ്ഥരും ഭീകരരും തമ്മിൽ വെടിവയ്പ്പ് നടന്നതായി ബലൂചിസ്ഥാൻ സർക്കാരിന്റെ വക്താവ് ഷാഹിദ് റിന്ദിനെ ഉദ്ധരിച്ച് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

✡✡✡✡✡✡✡✡✡✡✡✡

## US-UKRAINE TALKS

യുക്രെയ്ൻ-റഷ്യ സംഘർഷത്തിന് അയവുവരുത്താൻ ലക്ഷ്യമിട്ട് യുക്രെയ്നും യുഎസും തമ്മിലുള്ള ഉന്നതതല ചർച്ച സൗദി അറേബ്യയിലെ ജിദ്ദയിൽ ആരംഭിച്ചു. ചെങ്കടൽ തുറമുഖ നഗരത്തിലെ സ്വകാര്യ കേന്ദ്രത്തിലാണ് ഇരുവിഭാഗവും കൂടിക്കാഴ്ച നടത്തുന്നത്. യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയാണ് യുഎസ് പ്രതിനിധി സംഘത്തെ നയിക്കുന്നത്. ചർച്ച അമേരിക്കയുമായുള്ള ബന്ധം പുനരുജ്ജീവിപ്പിക്കുമെന്ന് യുക്രെയ്ൻ പ്രസിഡൻറ് വോളോഡിമർ സെലെൻസ്കി ചർച്ചകൾക്ക് മുന്നോടിയായി സമൂഹ മാധ്യമ പോസ്റ്റിൽ പ്രത്യാശ പ്രകടിപ്പിച്ചു. കൈവ് സൈന്യം മോസ്കോയിൽ ഡ്രോൺ ആക്രമണം നടത്തി മണിക്കൂറുകൾക്ക് ശേഷമാണ് കൂടിക്കാഴ്ച നടക്കുന്നത്.

✡✡✡✡✡✡✡✡✡✡✡✡

## UGC - BINDHU

സർവകലാശാലകളുൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭരണഘടന അനുസരിച്ചുള്ള സംസ്ഥാനങ്ങളുടെ അവകാശം ഇല്ലാതാക്കുന്നതാണ് കരട് യുജിസി ചട്ടങ്ങളെന്ന് മന്ത്രി ആർ ബിന്ദു. കരട് യു ജി സി ചട്ടങ്ങൾ 2025 എന്ന വിഷയത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ചർച്ച ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. വൈസ് ചാൻസലർ നിയമന മടക്കമുള്ള കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റിന്റെ അധികാരങ്ങൾ ഇല്ലാതാക്കുന്നതാണ് നിലവിലെ നിർദേശങ്ങളെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

✡✡✡✡✡✡✡✡✡✡✡✡

## VIZHINJAM- VASAVAN

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൻറെ തുടർഘട്ടങ്ങളുടെ നിർമ്മാണം ഉടൻ ആരംഭിക്കുമെന്ന് മന്ത്രി വി എൻ വാസവൻ.

തുറമുഖത്തിൻറെ 2,3 ഘട്ടങ്ങൾക്കുള്ള പാരിസ്ഥിതികാനുമതി, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും കഴിഞ്ഞ ദിവസം ലഭിച്ചിരുന്നു. തുടർഘട്ടങ്ങൾ പൂർത്തിയാകുന്നതോടെ തുറമുഖത്തിൻറെ ശേഷി ഒന്നിൽ നിന്നും മൂന്ന് മില്യൺ ടി.ഇ.യു ആയി ഉയരുമെന്നും, മന്ത്രി നിയമസഭയെ അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡

## PM SURYAGHAR

പ്രധാനമന്ത്രി സൂര്യ ഘർ മുഫ്ത് ബിജിലി യോജന രാജ്യത്തുടനീളം 10.09 ലക്ഷം ഇൻസ്റ്റാലേഷനുകൾ പൂർത്തിയാക്കി സുപ്രധാന നാഴികക്കല്ല് പിന്നിട്ടതായി കേന്ദ്ര പുനരുപയോഗ ഊർജ്ജ മന്ത്രാലയം അറിയിച്ചു. ഈ സംരംഭം 10 ലക്ഷം വീടുകളെ സൗരോർജ്ജം ഉപയോഗിച്ച് ശാക്തീകരിച്ചതായി ഊർജ മന്ത്രി പ്രഹ്ലാദ് ജോഷി സമൂഹ മാധ്യമ പോസ്റ്റിലൂടെ അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡
✡✡✡✡✡✡✡
✡✡✡✡